(സി) വ്യവസ്ഥകൾ അനുബന്ധം (†) ആയി കൊടുത്തിരിക്കുന്നു.

(ഡി) എ.ഡി.ബി.-യിൽ നിന്ന് രണ്ടാം ഗഡുവായി 100 മില്യൻ ഡോളർ (ഏതാണ്ട് 450 കോടി രൂപ) കൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്. ആദ്യ രണ്ടു വർഷങ്ങളിലെ ലക്ഷ്യം ഏകദേശം പൂർണ്ണമായി കൈവരിച്ചിട്ടുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

*17 [77] ശ്രീ. എ. സി. മൊയ്തീൻ:

ഡോ. തോമസ് ഐസക്ക്:

ശ്രീ. സാജുപോൾ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നത്;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(എഫ്) കഴിഞ്ഞ ആറ് മാസത്തിനു മുൻപ് നിത്യോപയോഗ സാധനങ്ങൾക്ക് ഓരോന്നിനും കി. ഗ്രാമിന് എന്തുവിലയായിരുന്നു; 2004 ജൂൺ 15-ന് നിത്യോപയോഗ സാധനങ്ങൾക്ക് ഓരോന്നിനും കി. ഗ്രാമിന് എന്ത് വിലയാണെന്നു കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഇല്ല.

(ബി, സി) വിലക്കയറ്റം നിയന്ത്രിക്കുകയും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ 839 മാവേലി സ്റ്റോർ, 121 ലാഭം മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയ്ക്ക് ഗുണനിലവാരം ഉറപ്പു വരുത്തി വിതരണം ചെയ്തു വരുന്നു. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവ വേളകളിൽ പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിച്ചു നിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സംസ്ഥാനത്തൊട്ടാകെ ഫെയറുകളും, മാർക്കറ്റുകളും സംഘടിപ്പിച്ച് അത്യാവശ്യ സാധനങ്ങളും പച്ചക്കറികളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ലോറി സമരം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറികൾ വാങ്ങി ന്യായമായ വിലയ്ക്ക് വിതരണം ചെയ്തു വരുന്നു. ഉപഭോക്താക്കളെ കൂടുതലായി ആകർഷിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യമുള്ള ലാഭം സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തിക്കൊണ്ടിരിയ്ക്കുകയാണ്. ഈ സാമ്പത്തിക വർഷം 79 ലാഭം മാർക്കറ്റുകൾ കൂടി തുടങ്ങുവാനുള്ള നടപടികൾ എടുത്തുവരുന്നു. മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി എടുത്തുവരുന്നു. ഇതു കൂടാതെ പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 63,89,848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി, വീട്ടു നമ്പരില്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡു നൽകി, അന്ത്യോദയ, അന്നയോജന പദ്ധതിയിൽ 119,200 കുടുംബങ്ങളെക്കൂടി ചേർത്തു. റേഷൻ വ്യാപാര ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയിൽ നിന്ന് 500 രൂപയായി 2008 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി, ബി.പി.എൽ. കാർഡുടമകൾക്കുകൂടി ബി.പി.എൽ. നിരക്കിൽ ഗോതമ്പ് ലഭ്യമാക്കി, റേഷൻ കടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും എ.എ.വൈ. അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പാക്കി. എഫ്.സി.ഐ.-യുടെ എല്ലാ ഡിപ്പോകളിലും എല്ലായ്പ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യത, ഗുണനിലവാരം എന്നിവ ഉറപ്പ് വരുത്തി, അരിയുടെ ഗുണനിലവാരം ഉയർത്തി, ബി.പി.എൽ. അരിയുടെ ചെലവ് 100 ശതമാനമാക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതു വിപണിയിലെ വില നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് മാവേലി സ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. കൂടാതെ പ്രധാനപ്പെട്ട കവലകളിൽ കൂടുതലായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പ്രധാന കവലകൾ തെരഞ്ഞെടുക്കുന്നതിന് ഒരു സർവേ നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനും പുറമേ, വിപണന സാദ്ധ്യത, വിറ്റുവരവ്, അനുയോജ്യമായ കെട്ടിടം തുടങ്ങിയ മാനദണ്ഡങ്ങൾക്കനുസൃതമായി 121 മാവേലി സ്റ്റോറുകളെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലാഭം മാർക്കറ്റുകളാക്കി മാറ്റിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 79 ലാഭം മാർക്കറ്റുകൾ കൂടി ആരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു:

1. ചെറുപയർ
2. ഉഴുന്ന്
3. ഉഴുന്നുപൊളി
4. കടല വലുത്
5. കടല ചെറുത്
6. വൻപയർ
7. പീസ്പരിപ്പ്
8. തുവരപ്പരിപ്പ്
9. മുളക്
10. മല്ലി
11. കടുക്
12. ജീരകം
13. ഉലുവ
14. അരി
15. പഞ്ചസാര

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന 34 മാവേലി സ്റ്റോറുകൾ നിർത്തലാക്കുകയും അതിൽ 27 എണ്ണം പുനഃരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം 1000 രൂപയിൽ കുറവ് വിറ്റുവരവ്, തൊഴിൽ പ്രശ്നങ്ങൾ തുടങ്ങിയവയാണ് മാവേലി സ്റ്റോറുകൾ നിർത്തലാക്കുവാനുണ്ടായ കാരണങ്ങൾ.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ ഇതു സംബന്ധിച്ച വില അനുബന്ധം† ആയും പൊതുവിപണയിലെ വില അനുബന്ധം†† ആയും ചേർത്തിരിക്കുന്നു.

---

† അനുബന്ധം II
†† അനുബന്ധം II A

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[30-6-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *17 (77) കാണുക.]

മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്ത നിത്യോപയോഗ സാധനങ്ങളുടെ 2003 ഡിസംബറിലെ വിലയും 2004 ജൂൺ 15-ലെ വിലയും

ക്രമ നമ്പർ	*ഇനം*	*മാവേലി സ്റ്റോറുകളിലെ ചില്ലറ വിൽപ്പന വില (കി. ഗ്രാമിന്)*	
		ഡിസംബർ 2003	*ജൂൺ 15 2004*
1.	ചെറുപയർ	22.00	22.00
2.	ചെറുപയർ പരിപ്പ്	27.00	. .
3.	ഉഴുന്ന്	19.00	21.00
4.	ഉഴുന്ന് പൊളി	17.00	20.00
5.	കടല വലുത്	21.00	22.00
6.	കടല ചെറുത്	19.00	19.00
7.	വൻപയർ	19.00	17.00
8.	പീസ്പരിപ്പ്	17.00	17.00
9.	തുവരപ്പരിപ്പ്	24.00	27.00
10.	മുളക്	45.00	31.00
11.	മല്ലി	35.00	25.00
12.	കടുക്	25.00	24.00
13.	ജീരകം	80.00	80.00
14.	ഉലുവ	19.00	20.00
15.	അരി	9.00	7.50
16.	പഞ്ചസാര	13.50	16.30

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II A

[30-6-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *17 (77) കാണുക.]

പൊതുവിപണിയിലെ ചില്ലറ വില്പന വില—ഒരു കിലോഗ്രാമിന്റെ വില രൂപയിൽ

ക്രമ നമ്പർ	*ഇനം*	*2003 ഡിസംബർ മാസത്തെ വില*	*2004 ജൂൺ മാസത്തെ വില*
1.	അരി ചമ്പാവ്	14.00	14.35
2.	അരി വെള്ള	11.50	11.10
3.	പച്ചരി	11.25	11.00
4.	ചെറുപയർ	27.90	26.90
5.	ഉഴുന്ന് പരിപ്പ്	26.40	25.25
6.	തുവരപ്പരിപ്പ്	30.30	30.60
7.	കടല	25.75	25.40
8.	മുളക്	54.00	42.00
9.	മല്ലി	37.00	32.00
10.	കടുക്	30.00	28.00
11.	പഞ്ചസാര	14.20	16.65
12.	മൈദ	13.00	12.40
13.	സൂജി	12.80	12.95
14.	ശർക്കര	16.25	20.65
15.	വെളിച്ചെണ്ണ	65.00	68.00
16.	തേയില	76.00	79.00
17.	പീസ് പരിപ്പ്	22.00	21.00
18.	വൻപയർ	21.70	18.25
19.	ജീരകം	110.00	97.00
20.	മഞ്ഞൾ	39.00	41.00
21.	ഉലുവ	28.00	27.00

LIBRARY ARCHIVES Kerala Legislative Assembly